ലേഖനം

അബ്ദുൽഹകീം നദ്‌വി



# മതം ഗുണകാംക്ഷ തന്നെയാണ് പക്ഷേ.....

**സംഘടനകളും** വ്യക്തികളും തമ്മിലുണ്ടായിരിക്കേണ്ട പരസ്പര ബന്ധങ്ങളുടെ ഊഷ്മളതക്ക് വിഘാതമാകുന്ന ചേരുവകളില്ലാത്ത പ്രഭാഷണങ്ങളും രചനകളും മുസ്‌ലിം സംഘടനാ വേദികളിൽ വിരളമാണെന്ന വാദം ഒട്ടും അതിശയോക്തി കലരാത്ത വിലയിരുത്തലാണ്. മുസ്‌ലിം സംഘടനകൾ പരസ്പരം നടത്തുന്ന ആരോപണ പ്രത്യാരോപണങ്ങളാണ് ഇന്ന് തെരുവുകൾ കൈയടക്കിയിരിക്കുന്നത്. 'മതം ഗുണകാംക്ഷയാണ്' എന്ന പ്രചാരണം ഒരുവശത്ത് കേമമായി നടന്ന് കൊണ്ടിരിക്കുമ്പോൾ തന്നെ ഒട്ടും ആശാസ്യമല്ലാത്ത വിധം പരസ്പരം വിഴുപ്പലക്കലുകൾ എല്ലാ പരിധികളും

അതിലംഘിച്ച് തുടർന്നുകൊണ്ടിരിക്കുന്നു. വസ്തുതാ വിരുദ്ധവും മാന്യതക്ക് നിരക്കാത്തതുമായ പരാമർശങ്ങൾകൊണ്ട് മുഖരിതമാണ് നമ്മുടെ സ്റ്റേജുകളും പേജുകളും. നഗര-ഗ്രാമ ഭേദമന്യേ തെരുവുകളിൽ നിറഞ്ഞ് നിൽക്കുന്ന പോസ്റ്ററുകളും ചുവരെഴുത്തുകളും ഇതിന്റെ നേർ സാക്ഷ്യമാണ്.

മറുപടിയും മറുപടിക്ക് മറുപടിയുമായി നീണ്ടുപോകുന്ന വാദപ്രതിവാദ സദസ്സുകളിൽ അവസാനം പരസ്പരം വടിയെടുക്കുന്ന ഘട്ടംവരെ ഉണ്ടാവുക സാധാരണമാണിന്ന്. ഒന്നാം ഖണ്ഡനം മുതൽ പതിമൂന്നാം ഖണ്ഡനം വരെ എത്തിനിൽക്കുന്ന എൽ.സി.ഡി പോരുകൾ പൊതുസമൂഹത്തിലുണ്ടാക്കുന്ന പൊറുതികേടുകൾ ഒട്ടും പരിഗണിക്കപ്പെടുന്നില്ല. സഭ്യതയുടെ സീമകൾ അതിലംഘിക്കുന്ന ഇത്തരം സദസ്സുകൾ പൊതുജനങ്ങൾ ഇടപെട്ട് അവസാനിപ്പിക്കേണ്ടി വരുന്നതും പോലീസ് അധികാരികൾ മൈക് പെർമിഷൻ നിഷേധിക്കുന്നതും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഒട്ടും ഗുണകാംക്ഷാപൂർണമല്ലാത്ത പരാമർശങ്ങൾ ഉണ്ടാക്കുന്ന പ്രകോപനങ്ങൾ സംഘട്ടനമായി മാറുകയും അവസാനം അക്രമാസക്തരായ ജനകൂട്ടത്തെ പിരിച്ച് വിടാൻ പോലീസ് സന്നാഹത്തെ വിന്യസിപ്പിക്കേണ്ടി വരികയും ചെയ്ത സംഭവങ്ങളും ഒന്നിലധികം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സന്ദർഭത്തിൽനിന്നും അടർത്തിമാറ്റി വെട്ടിമുറിച്ച് എൽ.സി.ഡിയിൽ പ്രദർശിപ്പിക്കുന്ന വീഡിയോ ക്ലിപ്പിംഗുകളാണ് ഇത്തരം കേസുകളിൽ പ്രധാന വില്ലനായി പലപ്പോഴും കടന്ന് വരാറുള്ളത്. മറുചേരിയിലുള്ളവരുടെ നടത്തവും ഇരുത്തവും, ചിരിയുടെ കോലം, കോട്ടുവായുടെ വലിപ്പം തുടങ്ങി വ്യക്തി അധിക്ഷേപങ്ങൾ മുതൽ തെറിയഭിഷേകം വരെ പൊതു സദസ്സുകളിൽ നിർലജ്ജം പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നു. എൽ.സി.ഡി എന്ന സാങ്കേതിക വിദ്യയോട് തന്നെ വെറുപ്പും പരിഹാസ്യവും തോന്നുംവിധം അതിന്റെ ദുരുപയോഗമാണ് മുസ്‌ലിം മതപ്രഭാഷണ വേദികളിൽ നടക്കുന്നത്. രാഷ്ട്രീയ-മത സാംസ്കാരിക പ്രഭാഷണങ്ങൾ നമ്മുടെ നാട്ടിൽ വ്യാപകമായി നടക്കുന്നുണ്ടെങ്കിലും പ്രസംഗത്തിന്റെ എരിവും പുളിയും കൂട്ടാൻ എൽ.സി.ഡിയും വീഡിയോ ക്ലിപ്പുകളും ഉപയോഗിക്കുന്നവർ രണ്ട് വിഭാഗങ്ങൾ മാത്രമാണ്. ഇന്റർനെറ്റിൽ 'കോമഡി' സർച്ച് ചെയ്താൽ ചില മുസ്‌ലിം സംഘടനകളുടെ പ്രഭാഷണ സദസ്സുകളും അവിടെ പ്രദർശിപ്പിക്കുന്ന വീഡിയോ ക്ലിപ്പിംഗുകളും ലഭ്യമാകുന്നേടത്തോളം കാര്യങ്ങൾ ചെന്നെത്തിയിരിക്കുകയാണ്. പൊതുസമൂഹത്തിന് ഹിദായത്തും ലക്ഷ്യബോധവും നൽകേണ്ട ഇത്തരം മതസദസ്സുകളുടെ ഗ്രാഫ് മിമിക്സ് പരേഡുകളുടെ നിലവാരത്തേക്കാൾ താഴോട്ട് കൂപ്പുകുത്തികൊണ്ടിരിക്കുകയാണ്.

പ്രഭാഷണ മധ്യേ മറുപക്ഷത്തുള്ളവരെ പരിചയപ്പെടുത്താനും അഭിസംബോധന ചെയ്യാനും ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ വരെ സഭ്യതയുടെ അതിരും വേലിയും തകർത്തിരിക്കുന്നു. ഖുബൂരികൾ, ഒഹാബികൾ, മടവൂരികൾ, ഖുറാഫികൾ, കാഫിർ, മുശ്‌രിക്, എറമു, കോമു.... ഇങ്ങനെ പോകുന്നു ഈ നീണ്ട പട്ടിക. പൊതുസ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരം പരിപാടികളുടെ ലക്ഷ്യം മറുപക്ഷത്തുള്ളവരെ പരമാവധി പ്രകോപിതരാക്കുകയും അണികൾക്ക് ആവേശം പകർന്ന് സംഘടനാ പാളയത്തിൽ അവരെ തള്ളിയിടുകയും ചെയ്യുക എന്നത് മാത്രമാണെന്ന് തോന്നിപ്പോകും അവയുടെ സ്വഭാവവും രീതിയും കണ്ടാൽ. ഞങ്ങൾ മുജാഹിദിലേക്ക്, നിങ്ങളും മുജാഹിദിലേക്കോ? വഹാബികൾക്ക് മറുപടി, ഖുബൂരികൾക്ക് മറുപടി, സലഫിക്ക് മറുപടി, സഖാഫിക്ക് മറുപടി.... തുടങ്ങിയ പ്രഭാഷണ തലക്കെട്ടുകൾ പുറമെ ഇസ്‌ലാമിനും മുസ്‌ലിം സമൂഹത്തിനും ഉണ്ടാക്കുന്ന അപമാനവും പരിഹാസ്യതയും എത്രമാത്രം നിസ്സാരമല്ല.

മുസ്‌ലിം സംഘടനകൾക്കിന്ന് എണ്ണമറ്റ പ്രസിദ്ധീകരണങ്ങളുണ്ട്. ഏറെ നിലവാരം പുലർത്തുന്നതും പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതും ഇസ്‌ലാമിനെക്കുറിച്ച് പൊതുസമൂഹത്തിന് മതിപ്പുണ്ടാകാൻ പര്യാപ്തവുമായ വിധം കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഗാംഭീര്യം നിലനിർത്തുന്ന നല്ല പ്രസിദ്ധീകരണങ്ങൾ അക്കൂട്ടത്തിലുണ്ട്. അവ മാറ്റിനിർത്തിയാൽ പിന്നെ ഏറിയ കൂറും സംഘടനാ പക്ഷപാതിത്വങ്ങൾ അങ്ങേയറ്റം സങ്കുചിതത്വത്തോടെ പ്രചരിപ്പിക്കാനാണ് അവയിലെ അധിക പേജുകളും നീക്കിവെക്കുന്നത്. പരസ്പരം ചീത്തവിളിക്കാനും തത്വദീക്ഷയില്ലാത്ത ആരോപണങ്ങളുന്നയിക്കാനും മാത്രമായി മലയാളത്തിൽ മുസ്‌ലിം സംഘടനകളുടെതായി ചുരുങ്ങിയത് രണ്ട് പ്രസിദ്ധീകരണങ്ങളെങ്കിലുമുണ്ട്. വായിച്ചാൽ തൊലിയുരിയുന്ന പദപ്രയോഗങ്ങളും പരാമർശങ്ങളുമാണ് ഇവയുടെ പ്രത്യേകത. അത്തരം പ്രസിദ്ധീകരണങ്ങളും അവയിലെ ലേഖനങ്ങളും മുസ്‌ലിമല്ലാത്ത ഒരാൾ വായിക്കാനിടയായാൽ ക്ഷണനേരം കൊണ്ട് ഇസ്‌ലാമിനെ കുറിച്ച മതിപ്പ് അയാൾക്ക് നഷ്ടപ്പെടുമെന്നതിൽ രണ്ടഭിപ്രായത്തിന് വകയില്ല.

പ്രഭാഷണങ്ങളിലും പ്രസിദ്ധീകരണങ്ങളിലും മാത്രമല്ല ഈ സങ്കുചിതത്വം ദർശിക്കാനാവുക. നടപ്പിലും ഇരിപ്പിലും ഇടപെടലുകളിലും വസ്ത്രധാരണത്തിലും വരെ ഈ വേറിട്ട് നിൽപ് പ്രകടമാണ്. മുസ്‌ലിം സംഘടനയിലെ ഏത് വിഭാഗത്തിൽ പെട്ടവനാണെന്ന് തിരിച്ചറിയാൻ ചില ഐഡന്റിറ്റി കോഡുകൾ ഇത്തരക്കാരുടെ ബാഹ്യ പ്രകൃതത്തിൽ തന്നെ പ്രകടമായിരിക്കും.

ആരാധനാനുഷ്ഠാനങ്ങളിലെ വിശദാംശങ്ങൾ ഒട്ടും വിട്ടുവീഴ്ചയില്ലാതെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത് മുസ്‌ലിം സമൂഹത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വിടവുകൾ ചെറുതല്ല. അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്താൻ പഴുതുകളുള്ള കർമശാസ്ത്ര നിലപാടുകൾ അതിതീവ്രമായി അവതരിപ്പിക്കുകയും അങ്ങനെ ചെയ്യാത്തവരുടെ നമസ്കാരാദി കർമങ്ങൾ സ്വീകാര്യമല്ലെന്ന് പള്ളികളുടെ മുമ്പിൽ നോട്ടീസൊട്ടിച്ചും ലഘുലേഖകൾ വിതരണം ചെയ്തും വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ മത്സരിക്കുകയാണിന്ന് പലരും.

വിമർശനങ്ങൾ മാന്യമായിരിക്കണമെന്നും ആരോപണങ്ങൾ വസ്തുനിഷ്ഠമായിരിക്കണമെന്നുമുള്ള പൊതുതത്വത്തിന്റെ നഗ്നമായ നിരാകരണമാണ് നമ്മുടെ പ്രഭാഷണ വേദികളും പള്ളി അധിക പ്രസിദ്ധീകരണങ്ങളും. ശിർക്കിനെതിരെ പോരാടുക, ബിദ്അത്തുകളെ എതിർക്കുക എന്നത് ലക്ഷ്യമായി അംഗീകരിച്ച ഒരു വിഭാഗം നമുക്കിടയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രൂക്ഷമായ എതിർപ്പുകളുടെ തീവ്രത മറുവിഭാഗത്തിന്റെ വാശിയും പകയും പൂർവാധികം വർധിപ്പിക്കുകയും ബിദ്അത്തുകൾക്ക് പുതുവർണം ചാർത്തി പുതിയ രൂപഭാവങ്ങളിൽ വർധിത വീര്യത്തോടെ പുനഃസൃഷ്ടിക്കപ്പെട്ട് കൊണ്ടിരിക്കുകയുമാണ്. 'പുത്തൻ പ്രസ്ഥാനക്കാരുടെ' വരവിന്റെ ഊക്ക് കുറക്കാനും അവരെ തടഞ്ഞ് നിർത്താനും വേണ്ടി നടത്തപ്പെടുന്ന പരിപാടികളുടെ ദയാദാക്ഷിണ്യമില്ലായ്മയും ആക്രമണ ശൈലിയും അത്തരം പ്രസ്ഥാനങ്ങളെ വളർത്താൻ മാത്രമേ സഹായിക്കൂ എന്ന് മറുവിഭാഗവും തിരിച്ചറിയാതെ പോവുന്നു.

മതം ഗുണകാംക്ഷയാണെന്ന പ്രചാരണം നടന്നുക്കൊണ്ടിരിക്കുമ്പോഴുള്ള വർത്തമാന പരിസരമാണ് മുകളിൽ കുറിച്ചത്. മതം ഗുണകാംക്ഷതന്നെയാണ്. എന്നും അങ്ങനെതന്നെ ആയിരിക്കേണ്ടതുമുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് നബിതിരുമേനി നമ്മെ പഠിപ്പിച്ച അത്യധികം ദീർഘവീക്ഷണമുള്ള അധ്യാപനം കൂടിയാണിത്. മുസ്‌ലിം സമൂഹത്തിൽ ഗ്രൂപ്പുകളില്ലാത്ത അക്കാലത്ത് ഗോത്ര–വർഗങ്ങളുടെ പേരിൽ പരസ്പരം കൊമ്പ് കോർത്തിരുന്ന ആ സമൂഹത്തിൽ ഈ 'ഗുണകാംക്ഷ' പ്രയോഗം ഏറെ ഭംഗിയായി പ്രായോഗികവൽകരിക്കുകയും ചെയ്തിട്ടുണ്ട് പ്രവാചകൻ. എന്നല്ല ഗുണകാംക്ഷ (നസ്വീഹത്ത്) പ്രവാചക കുടുംബത്തിന്റെ തന്നെ പ്രകൃതമാണെന്നാണ് ഖുർആനികാധ്യാപനം.

പ്രവാചകൻ അനുയായികളോടൊപ്പം കാര്യമായ കൂടിയാലോചനയിലാണ്. അതിനിടക്ക് ഒരു ഗ്രാമീണൻ അവിടേക്ക് ഓടിക്കിതച്ചെത്തി. തിരുനബിയെയും ഇസ്‌ലാമിനെയും അധിക്ഷേപിച്ച് കൊണ്ടാണ് അയാൾ സംസാരം ആരംഭിച്ചത് തന്നെ. ഇത് കുറെ നേരം തുടർന്നിട്ടും പ്രതികരണമൊന്നും അവരുടെ ഭാഗത്ത്നിന്ന് കാണാതായപ്പോൾ പള്ളിയുടെ ചെരുവിൽ മൂത്രമൊഴിച്ച് കൊണ്ടാണ് അയാളുടെ ഈർഷ്യം തീർത്തത്. ഇത്രയുമായപ്പോൾ ക്ഷമയുടെ നെല്ലിപ്പടിയിലെത്തിയ പ്രവാചകാനുയായികൾ അയാളെ കൈകാര്യം ചെയ്യാൻ എഴുന്നേറ്റു. പക്ഷെ, അവരെ തടഞ്ഞ പ്രവാചകൻ ഒരു ബക്കറ്റ് വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. പള്ളി കഴുകി വൃത്തിയാക്കിയതിന് ശേഷം അയാളെ മാന്യമായി യാത്രയയക്കുകയും ചെയ്തു. പ്രവാചക ജീവിതത്തിലെ ധാരാളം സംഭവങ്ങളിൽ ഒന്ന് മാത്രമാണിത്.

തിരുമേനിയുടെ വഴിയിൽ തടസ്സം സൃഷ്ടിച്ച് തെറിപറയുകയും ചീത്ത വിളിക്കുകയും ചെയ്തിരുന്ന ജൂതപെൺകുട്ടി, പ്രവാചകന്റെ തോൾമുണ്ട് വലിച്ച് മുറിപ്പാടുണ്ടാക്കിയ ഗ്രാമീണ സഹോദരൻ, വിറക്കെട്ട് ചുമന്ന് വീട്ടിലെത്തിച്ചതിന്റെ ഉപകാരസ്മരണയായി മുഹമ്മദിനെ സൂക്ഷിക്കണമെന്ന് ഓർമപ്പെടുത്തുന്ന വൃദ്ധ ഇവരെല്ലാം മതംഗുണകാംക്ഷയാണെന്ന പ്രവാചക വചനത്തിന്റെ പൊരുൾ തേടുമ്പോൾ മനസ്സിലേക്ക് കടന്ന് വരുന്ന കഥാപാത്രങ്ങളാണ്. ഗുണകാംക്ഷ ഇസ്‌ലാമിന്റെ തന്നെ പ്രകൃതമാണ്. സങ്കുചിത–യാഥാസ്ഥിതിക വാദങ്ങളുടെ കൂറ്റൻ മതിലുകൾ പണിത് സംഘടനാ ജയിലുകളിൽ ഒതുങ്ങിക്കഴിയുന്ന ഇക്കാലത്ത് ഏറെ ഉറക്കെപ്പറയുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട ഇസ്‌ലാമിന്റെ പ്രകൃതം.

നബിതിരുമേനി ഒരിക്കൽ അനുയായികളോട് പറഞ്ഞു: "മതം ഗുണകാംക്ഷയാണ്." അവർ

ചോദിച്ചു: ആരോടെല്ലാമാണ് ഗുണകാംക്ഷ പുലർത്തേണ്ടത്? പ്രവാചകൻ പറഞ്ഞു: അല്ലാഹു, തിരുദൂതൻ, സമൂഹം നേതൃത്വം, പൊതുസമൂഹം എന്നിവരോട്. അഥവാ അല്ലാഹുവും റസൂലും കഴിഞ്ഞാൽ മനുഷ്യകുലത്തോടെല്ലാം ഗുണകാംക്ഷയുണ്ടായിരിക്കണം. മുസ്‌ലിം സമൂഹ നേതൃത്വം പരസ്പരവും അവരുടെ അനുയായികൾ തമ്മിലും മുസ്‌ലിം സമൂഹം ഇതരസമൂഹങ്ങളോടും എല്ലാം വർത്തിക്കേണ്ടത് ഗുണകാംക്ഷയോടെയായിരിക്കണം എന്നാണ് പ്രവാചകാധ്യാപനത്തിന്റെ പൊരുൾ. ഗുണകാംക്ഷ സംസാരത്തിൽ മാത്രമല്ല. പ്രവൃത്തിയിലും ഇടപെടലുകളിലുമെല്ലാം പ്രകടമാകും വിധമാണ് പ്രവാചകസമൂഹം അത് നടപ്പിൽ വരുത്തിയത്.

മതം ഗുണകാംക്ഷയാണെന്ന കാമ്പയിൻ പ്രചാരണം വിശദീകരിച്ച് കൊണ്ട് *വിചിന്തനം* വാരികയിലെ മുഖലേഖനത്തിൽ ഇപ്രകാരം എഴുതുന്നു; 'സത്യസന്ധതയും നീതിയും പാലിച്ച് സമൂഹത്തിന് നേതൃത്വം നൽകുന്നവരെ സഹായിക്കേണ്ടത് മതവിശ്വാസികളുടെ ബാധ്യതയാണ്. അവരുടെ പോരായ്മകൾ സൗമ്യമായ ഭാഷയിലാണ് ഉണർത്തേണ്ടത്. അവർ ശ്രദ്ധിക്കേണ്ട ഭാഗങ്ങളെക്കുറിച്ച് പക്വതയോടെ ഓർമപ്പെടുത്തുന്നതും അവരോടുള്ള ഗുണകാംക്ഷയാണ്. മാനുഷികമായി സംഭവിക്കുന്ന കൊച്ചു വീഴ്ചകളെ പർവതീകരിച്ച് സമൂഹത്തെ ഛിദ്രപ്പെടുത്തുന്നത് ഗുണകാംക്ഷയുമായി യോജിക്കാത്തതാണ്.... മുഴുവൻ മനുഷ്യരോടും ഗുണകാംക്ഷ കാണിക്കേണ്ടത് മതവിശ്വാസിയുടെ ബാധ്യതയാണ്. എല്ലാവർക്കും നന്മവരട്ടെയെന്ന് അഭിലഷിക്കുന്ന ഒരു മനസ്സിന്റെ ഉടമയാകാൻ കഴിയണം." (2010 ഫെബ്രു. 5). ഇങ്ങനെ എഴുതുന്ന അതേലക്കത്തിൽ തന്നെ തങ്ങളിൽനിന്ന് പിരിഞ്ഞുപോയ വിഭാഗത്തിലെ ഒരു പണ്ഡിതനെ കുറിച്ചും അദ്ദേഹത്തിന്റെ നിലപാടുകളെക്കുറിച്ചും രൂക്ഷമായ വിമർശനങ്ങളുടെ കെട്ടഴിക്കുന്ന പരമ്പരയുടെ പതിനൊന്നാം ഖണ്ഡം പൂർവോപരി ഭംഗിയായി ചേർത്തിരിക്കുന്നു എന്നതാണ് വിരോധാഭാസം.

പ്രവാചകന്മാർ പ്രബോധന വീഥിയിൽ ധാരാളം പ്രതിബന്ധങ്ങൾ അഭിമുഖീകരിച്ചവരാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ പതറാതെ ദൈവമാർഗത്തിൽ അടിയുറച്ച് നിന്ന പ്രവാചകന്മാരുടെ കൈവശമുണ്ടായിരുന്ന വജ്രായുധം ഗുണകാംക്ഷയാണെന്ന് ഖുർആൻ ഉണർത്തുന്നു. നൂഹ് നബിയെക്കുറിച്ച് ഖുർആൻ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ് നിശ്ചയം നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് അയച്ചു. അദ്ദേഹം പറഞ്ഞു: "എന്റെ സമൂഹമേ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. അവനല്ലാതെ നിങ്ങൾക്ക് വേറെ ഇലാഹില്ല. നിശ്ചയം നിങ്ങൾക്ക് കഠിനമായ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു. അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു. നിശ്ചയം നീ വ്യക്തമായ വഴികേടിലാണെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം പറഞ്ഞു. എന്റെ സമൂഹമേ ഞാൻ ഒരിക്കലും വഴികേടിലല്ല. എന്നല്ല, നിശ്ചയം ഞാൻ പ്രപഞ്ചനാഥനിൽ നിന്നുള്ള ദൂതനാകുന്നു. എന്റെ നാഥന്റെ സന്ദേശം നിങ്ങൾക്ക് ഞാൻ എത്തിച്ച് നൽകുകയും നിങ്ങളോട് ഞാൻ ഗുണകാംക്ഷ പുലർത്തുകയും ചെയ്യുന്നു. നിങ്ങൾക്കറിയാത്ത പലതും അല്ലാഹുവിൽനിന്നും ഞാൻ അറിയുകയും ചെയ്യുന്നു" (*അൽ അഅ്റാഫ്* 59-62). പ്രവാചകാധ്യാപനങ്ങളെ ധിക്കരിച്ച് സ്വയം അകലുകയും മറ്റുള്ളവരെ അകറ്റുകയും ചെയ്തുകൊണ്ടിരിക്കുന്ന ജനതയോട് സ്വീകരിച്ച നിലപാടാണ് ഈ സൂക്തം ഉണർത്തുന്നത്. ഇതേ അധ്യായത്തിൽ തന്നെ ഹൂദ് പ്രവാചകൻ അദ്ദേഹത്തെ ധിക്കരിച്ച ജനതയോട് പറയുന്നത് ഇപ്രകാരം വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: "എന്റെ നാഥന്റെ സന്ദേശം നിങ്ങൾക്ക് ഞാൻ എത്തിച്ചുതരുന്നു. ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ഗുണകാംക്ഷി മാത്രമാകുന്നു" (*അൽഅഅ്റാഫ്* 68).

സ്വാലിഹ് പ്രവാചകനെ എതിർത്ത ജനതയോട് അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്. "എന്റെ സമൂഹമേ, നിശ്ചയം നിങ്ങൾക്ക് ഞാൻ എന്റെ നാഥന്റെ സന്ദേശം എത്തിച്ച് തരുന്നു. ഞാൻ നിങ്ങളോട് ഗുണകാംക്ഷ പുലർത്തുകയും ചെയ്യുന്നു. പക്ഷെ ഗുണകാംക്ഷികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലല്ലോ" (*അൽഅഅ്റാഫ്* 79). ശുഐബ് പ്രവാചകൻ തന്റെ പ്രബോധന പ്രവർത്തനങ്ങളുടെ ഭാഗമായി കച്ചവടത്തിൽ വഞ്ചന കാണിച്ച് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന കള്ളത്താപ്പാനകൾക്കെതിരെ വിരൽ ചൂണ്ടിയപ്പോൾ അവരിലെ ധിക്കാരികളായ പ്രമാണിമാർ പറഞ്ഞു. നിന്നെയും നിന്റെ കൂടെയുള്ളവരെയും ഞങ്ങളുടെ നാട്ടിൽനിന്ന് ചവിട്ടിപ്പുറത്താക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നീ ഞങ്ങളുടെ പഴയ പാരമ്പര്യത്തിലേക്ക് തിരിച്ചു വരിക തന്നെ വേണം. ഇത് പറഞ്ഞവരോട് ശുഐബിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. "എന്റെ സമൂഹമേ, നിശ്ചയം എന്റെ നാഥന്റെ സന്ദേശം നിങ്ങൾക്ക് ഞാൻ എത്തിച്ച് തന്നിരിക്കുന്നു. ഞാൻ നിങ്ങളോട് ഗുണകാംക്ഷ പുലർത്തു

ന്നവനാണ്" (*അല്‍അഅ്‌റാഫ്* 93).

ചുരുക്കത്തില്‍ പ്രവാചകന്‍മാര്‍ തങ്ങളെ ദ്രോഹിച്ച ജനവിഭാഗങ്ങളോട് പോലും അങ്ങേയറ്റം ഗുണകാംക്ഷയോടെ മാത്രമേ ഇടപെഴകിയിട്ടുള്ളൂ എന്നാണ് ഖുര്‍ആന്‍ ബോധ്യപ്പെടുത്തുന്നത്. ശത്രു –മിത്ര വ്യത്യാസമില്ലാതെ എല്ലാവരോടും ഗുണകാംക്ഷ പുലര്‍ത്താന്‍ ഒരു മുസ്‌ലിം ബാധ്യസ്ഥനാണെന്നതിന് ഇനിയും ഏറെ തെളിവുകള്‍ പരതേണ്ടതില്ല. മതം ഗുണകാംക്ഷയാണെന്ന പ്രചാരണം ആത്മ നിരൂപണത്തിനും സ്വയം തിരുത്തലിനും നമ്മെ പ്രേരിപ്പിക്കുമെങ്കില്‍ നല്ലത്. സംഘടനാ പക്ഷപാതിത്വങ്ങള്‍ക്കപ്പുറം മുസ്‌ലിം സമൂഹത്തിനുണ്ടായിരിക്കേണ്ട സാഹോദര്യ ബന്ധം നില നിര്‍ത്തുകയും മനുഷ്യരെല്ലാം ദൈവകുടുംബത്തിലെ അംഗങ്ങളാണെന്ന വിശാല മാനവസങ്കല്‍പം പ്രായോഗികവല്‍ക്കരിക്കാനുമാകുമ്പോഴാണ് ഈ പ്രചാരണത്തിന് അര്‍ഥമുണ്ടാകൂ.

ഖുര്‍ആനിലും ഹദീസിലും പ്രയോഗിച്ച 'നസ്വീഹത്ത്' എന്ന പദമാണ് 'ഗുണകാംക്ഷ' എന്ന് മലയാളത്തില്‍ വിവര്‍ത്തനം ചെയ്ത് നാം ഉപയോഗിക്കാറുള്ളത്. വിനയം, വിട്ടുവീഴ്ച, ഔദാര്യം, സ്നേഹം, പരക്ഷേമ തല്‍പരത, പരസ്പരാശ്രയത്വം, പ്രതിപക്ഷബഹുമാനം തുടങ്ങി ഒട്ടേറെ മാന വിക നന്മകള്‍ ഉള്‍ച്ചേര്‍ന്ന വിശാല പദപ്രയോഗമാണ് നസ്വീഹത്ത്. 'അദ്ദീനു അന്നസ്വീഹ' എന്ന ഹദീസ് വാക്യത്തെ മതം ഗുണകാംക്ഷയാണെന്ന സാമാന്യ വാക്യത്തില്‍ പരിമിതപ്പെടുത്തേണ്ടതി ല്ല. മുസ്‌ലിം ജീവിതം പൊതു സമൂഹത്തിന്റെ സുകൃതങ്ങളെ ആദരിച്ചും ദൗര്‍ബല്യങ്ങളെ കണ്ട റിഞ്ഞും പരസ്പരം ഇടകലര്‍ന്നും ഇടപെട്ടും ജീവിക്കുമ്പോഴുണ്ടാകുന്ന അതിസുന്ദരമായ അവസ്ഥ യെക്കുറിക്കുന്നതാണ് പ്രസ്തുത വാക്യങ്ങള്‍. ഈ ഹദീസിന്റെ അര്‍ഥ വ്യാപ്തി മനസ്സിലാക്കാനോ അതില്‍ ഉള്‍ച്ചേര്‍ന്ന ആശയക്കരുത്ത് തിരിച്ചറിയാനോ സാധിക്കാതെ പോയതും സംഘടനാ പക്ഷ പാതിത്വത്തിന്റെ ഊരാക്കുടുക്കുകളില്‍നിന്നും കുതറി മാറാന്‍ കഴിയാത്തതും കാരണം അതിന്റെ പ്രയോഗവത്കരണം സാധിക്കാതെ പോവുകയും പ്രസ്തുത ഹദീസ് ജലരേഖയായി അവശേ ഷിക്കുകയും ചെയ്യുകയാണിന്നും. ■